**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1469** **06-03-2020 -ലെ മറുപടിയ്ക്ക്**

**മരട് ഫ്ളാറ്റ് നിർമ്മാണത്തിൽ സമഗ്ര അന്വേഷണം**

| **ചോദ്യം** | | **മറുപടി** |
|---|---|---|
| **ശ്രീ.ടി.ജെ. വിനോദ്:** | | **ശ്രീ. എ.സി. മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
| (എ) മരടിലെ അനധികൃത ഫ്ളാറ്റുകൾ പൊളിക്കുന്നതിനുള്ള സുപ്രീംകോടതി വിധി ചരിത്രവിധിയാണെന്ന് വിലയിരുത്തുന്നുണ്ടോ; | (എ) | നിയമം/ചട്ടലംഘനം നടത്തി പണിയുന്ന കെട്ടിടങ്ങൾക്കെതിരെയുള്ള താക്കീതായി കണക്കാക്കുന്നു. |
| (ബി) നിയമ ലംഘനത്തിന് മടിയില്ലാത്ത നിർമ്മാണ മാഫിയകളും അതിന് സഹായിക്കുന്ന ഉദ്യോഗസ്ഥ/രാഷ്ട്രീയ കൂട്ടുകെട്ടുമാണ് മരടിലെ നിയമലംഘനങ്ങൾക്ക് കാരണമെന്ന് കണ്ടെത്തിയിട്ടുണ്ടോ;<br><br>(സി) മരട് ഫ്ളാറ്റ് നിർമ്മാണത്തിന് പിന്നിൽ വൻ സാമ്പത്തിക ഇടപാടുകളും അഴിമതിയും നടന്നതായുള്ള ആക്ഷേപത്തിന്മേൽ സമഗ്രമായ അന്വേഷണം നടത്തി കുറ്റക്കാരെ മാതൃകാപരമായി ശിക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) യും (സി) യും | ഇത് സംബന്ധിച്ച് ക്രൈംബ്രാഞ്ച് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരികയാണ്. |
| (ഡി) മരടിൽ പൊളിച്ച ഫ്ളാറ്റുകളുടെ അവശിഷ്ടങ്ങൾ നിർദ്ദേശിച്ചിട്ടുള്ള സ്ഥലത്തേക്ക് മാറ്റാതെ മറ്റ് സ്ഥലങ്ങളിൽ കൊണ്ടുപോയി സ്ഥലം നികത്തുന്നതിന് ഉപയോഗിക്കുന്നതായുള്ള ദൃശ്യമാധ്യമ | (ഡി) | മരടിലെ പൊളിച്ച മാറ്റിയ കെട്ടിടാവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിന് കരാർ ഏറ്റെടുത്ത കമ്പനി ടി അവശിഷ്ടങ്ങൾ സൂക്ഷിക്കുന്നതിന് വേണ്ടി കണ്ടെത്തിയിട്ടുള്ള സ്ഥലങ്ങൾ കേരള സംസ്ഥാന മലിനീകരണ |

| | |
|---|---|
| വാർത്തയുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | നിയന്ത്രണ ബോർഡ് പരിശോധിച്ച് അനുമതി നൽകിയിട്ടുളളതാണ്. ടി കെട്ടിടാവശിഷ്ടങ്ങൾ നിയമാനുസൃതം ശേഖരിച്ച് വയ്ക്കുകയും ആവശ്യാനുസൃതം പുനരുപയോഗിക്കുകയുമാണ് കമ്പനി ചെയ്യുന്നത്. കൂടാതെ അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നത് സംബന്ധിച്ച് പ്രതിദിന റിപ്പോർട്ടുകൾ മരട് നഗരസഭ വാങ്ങുന്നുണ്ട്. ആയത് പ്രതിവാര റിപ്പോർട്ടാക്കി State Level Monitoring Committee - യ്ക്ക് അയക്കുന്നുണ്ട്. നഗരസഭയുടെ ടെക്നിക്കൽ കമ്മിറ്റിയുടെ നിയന്ത്രണത്തിലും പരിശോധനയിലുമാണ് ടി കെട്ടിടാവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ